നം.എൻ.ഇ.പി. (3)/64363/2010/ഡി.പി.ഐ.

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി 10..11..2010.

## സർക്കുലർ

വിഷയം: പൊതുവിദ്യാഭ്യാസം – അപ്പർപ്രൈമറി സ്കൂളുകളിൽ കമ്പ്യൂട്ടറും, കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനായി സ്പെഷ്യൽ ഫീസ് തുക വിനിയോഗിക്കുന്നതിനുള്ള അനുമതി നൽകുന്നത് – സംബന്ധിച്ച്.

സൂചന: 1. സർക്കാർ ഉത്തരവ് നം.(സാധാ)3308/08/പൊ.വി.വ. തീയതി 19..07..2008.
2. സർക്കാർ ഉത്തരവ് നം.(സാധാ)2251/09/പൊ.വി.വ. തീയതി 06..08..2009.
3. ഐ.ടി.@സ്കൂൾ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 03..09..2010 തീയതിയിലെ കുറിപ്പ് നമ്പർ ഐ.ടി. എസ്സ്./2010/08/1225 (35)

സംസ്ഥാനത്തെ അപ്പർപ്രൈമറി ക്ലാസുകളിലേയ്ക്കും ഐ.സി.ടി. അധിഷ്ഠിത പഠനം വ്യാപിപ്പിക്കുന്നതിന് സൂചന (1) പ്രകാരവും 2009-10 മുതൽ ഐ.സി.ടി പഠന സഹായി അച്ചടിച്ച് സൗജന്യമായി വിതരണം ചെയ്യുന്നതിനും സൂചന (2) പ്രകാരവും സർക്കാർ ഉത്തരവുകൾ നൽകിയിട്ടുണ്ട്. എന്നാൽ ചില അപ്പർ പ്രൈമറി സ്കൂളുകളിൽ കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായി ഇപ്പോഴും കമ്പ്യൂട്ടർ ലഭ്യമല്ലായെന്നറിയുന്നതായും അതിനാൽ അപ്പർപ്രൈമറി സ്കൂളികളിൽ ചെലവഴിക്കാതെ സ്വരൂപിച്ചു വച്ചിരിക്കുന്ന സ്പെഷ്യൽ ഫീസ് തുക കമ്പ്യൂട്ടർ വാങ്ങുന്നതിനുള്ള അനുമതി നൽകണമെന്നും ഐ.ടി.@സ്കൂൾ എക്സിക്യൂട്ടീവ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

മേൽപ്പറഞ്ഞ കാരണങ്ങളാൽ, കമ്പ്യൂട്ടർ അധിഷ്ഠിത പഠനം പ്രാവർത്തികമാകുന്ന അപ്പർ പ്രൈമറി സ്കൂളുകളിൽ താഴെപ്പറയുന്ന വ്യവസ്തകൾക്ക് വിധേയമായി, ചെലവഴിക്കാതെ സ്വരൂപിച്ച് വച്ചിരിക്കുന്ന സ്പെഷ്യൽ ഫീസ് ധനം ഉപയോഗിച്ച് കമ്പ്യൂട്ടറും കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങളും ഐ.സി.ടി. അധിഷ്ഠിത പഠനത്തിനായി, താഴെപ്പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി വാങ്ങുവാൻ ഇതിനാൽ അനുമതി നൽകുന്നു.

1. സ്പെഷ്യൽ ഫീസ് ഉപയോഗ കമ്മിറ്റിയുടെ അനുമതി പ്രകാരം മാത്രമേ തുക ചെലവഴിക്കാൻ പാടുള്ളൂ.
2. ഗെയിംസ് ഫീ സ്കൗട്ട് ആന്റ് ഗൈഡ്സ് ഫീ എന്നിവ ഈ ഇനത്തിനു വേണ്ടി ചെലവഴിക്കുവാൻ പാടുള്ളതല്ല.
3. ഐ.ടി. ഉപകരങ്ങൾ വാങ്ങുവാൻ ഇവിടെ നിന്നും നൽകിയിരിക്കുന്ന ഉത്തരവിൻ പ്രകാരം പരമാവധി വിലയും സേവന വ്യവസ്ഥകളും മറ്റും കർശനമായി പാലിച്ചുകൊണ്ടു വേണം ഉപകരണങ്ങൾ വാങ്ങുവാൻ.
4. ഹൈസ്കൂളുകൾക്കുള്ള മാനദണ്ഡങ്ങൾ അപ്പർപ്രൈമറി സ്കൂളുകൾക്കും ഈ വിഷയത്തിൽ ബാധകമാണ്.

ഒപ്പ്
പൊതുവിദ്യാഭ്യാസ ഡയറക്ടർ

//അംഗീകാരത്തോടെ//

സൂപ്രണ്ട്

സ്വീകർത്താക്കൾ

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.ടി.@സ്കൂൾ പ്രോജക്ട്, തിരുവനന്തപുരം
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർ / എല്ലാ ജില്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ
ഐ.ടി.@സ്കൂൾ പ്രോജക്ടിലെ എല്ലാ ജില്ലാ കോ-ഓർഡിനേറ്റർമാർ.